## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 298 — 26.02.2018 — ൽ മറുപടിക്ക്

## പുതിയ റേഷൻ കാർഡുകളിൽ വന്നിട്ടുള്ള അപാകതകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ആന്റണി ജോൺ : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) പുതിയ റേഷൻ കാർഡുകളിൽ വന്നിട്ടുള്ള അപാകതകൾ മൂലം ചികിത്സാനുകൂല്യങ്ങൾ, ഭവന പദ്ധതി തുടങ്ങി നിരവധി ആനുകൂല്യങ്ങൾ മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ഇല്ല.<br>ബാധകമല്ല. |
| (ബി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | | |
| (സി) അപാകതകൾ പരിഹരിച്ച് മുഴുവൻ കാർഡുകളും എന്നത്തേക്ക് വിതരണം ചെയ്യുവാൻ കഴിയും എന്ന് വിശദമാക്കാമോ; | (സി) | 98.96% റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) പുതിയ റേഷൻകാർഡുകൾക്കായുള്ള അപേക്ഷകൾ സ്വീകരിക്കുന്നത് പുനരാരംഭിച്ചിട്ടുണ്ടോ; | (ഡി) | നിലവിൽ ഒരിടത്തും റേഷൻ കാർഡിൽ പേരില്ലാത്തവർക്ക് 15.02.2018 മുതൽ റേഷൻ കാർഡുകൾക്കുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. നിലവിലുള്ള റേഷൻകാർഡുകളിൽ തിരുത്തൽ വരുത്തുക, പുതുതായി ആളുകളെ ചേർക്കുക, നിലവിലുള്ള ആളുകളെ ഒഴിവാക്കുക തുടങ്ങിയ സംഗതികളിൽ നിലവിൽ ഒരു റേഷൻ കാർഡിലും പേരില്ലാത്തവരുടെ അപേക്ഷയ്ക്ക് ശേഷം പരിഗണിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിനുവേണ്ട നടപടിക്രമങ്ങൾ വിശദീകരിക്കാമോ? | (ഇ) | സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ്സൈറ്റ്, റേഷൻ കടകൾ, താലൂക്ക് സപ്ലൈ ഓഫീസുകൾ, പഞ്ചായത്ത്, വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്ന് ലഭ്യമാകുന്ന അപേക്ഷയോടൊപ്പം താഴെ പറയുന്നവ സഹിതം ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br><br>1) റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്<br>2) റിഡക്ഷൻ സർട്ടിഫിക്കറ്റ്/സറണ്ടർ സർട്ടിഫിക്കറ്റ്/ നോൺ ഇൻക്ലൂഷൻ സർട്ടിഫിക്കറ്റ്<br>3) വരുമാന സർട്ടിഫിക്കറ്റ്<br>4) ആധാറിന്റെ പകർപ്പുകൾ<br>5) ഗൃഹനാഥയുടെ പാസ്പോർട്ട് സൈസ് വലിപ്പത്തിലുളള രണ്ട് കളർ ഫോട്ടോ |

*സെക്ഷൻ ഓഫീസർ*